// PRATHYASA
Bimonthly Bulletin of Reserve Bank Retired Employees Association, Kochi
(Reg.No. ER 18/09) (E-mail: mos1234@gmail.com)
C/o M.O.Sebastian, 116, Al-Fia Nagar, Cochin University Road, Kochi-682 022

**Issue No. 36** **SEPTEMBER 2011** **Annual Subcription Rs. 100/-**

**അപ്പ്ഡേഷൻ:** ഈ വിഷയത്തിൽ ആഗസ്റ്റ് 24 ന് യൂണൈറ്റഡ് ഫാറം ഭാരവാഹികൾ ഗവർണ്ണറുമായി നടത്തിയ കൂടിക്കാഴ്ചയിൽ ആശാവഹമായ മറുപടിയാണ് ലഭിച്ചത്. ധനമന്ത്രിയുമായി സംസാരിച്ചുവെന്നും വിശദാംശങ്ങൾ തയ്യാറാക്കി ധനവകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുവാൻ കീഴുദ്യോഗസ്ഥരെ ഏല്പിച്ചിരിക്കുകയാണെന്നാണ് അദ്ദേഹം പറഞ്ഞത്. HRMD യിൽ പണികൾ നടക്കുന്നുവെന്നറിയുന്നു. സെപ്റ്റംബർ 9 നും 14 നും രണ്ടുവട്ടം E.D. ശ്രീ R. ഗാന്ധിയും C.G.M. ശ്രീ. സന്ദീപ് ഗോസും ഡൽഹി സന്ദർശിച്ച് ധനവകുപ്പ് ജോയിന്റ് സെക്രട്ടറിയുമായി ചർച്ച നടത്തി. രണ്ടാം വേളയിൽ RBI സംഘത്തിൽ 5 പേരുണ്ടായിരുന്നുവെന്നും എല്ലാ വിഷയങ്ങളും ഉൾപ്പെട്ട ഒരു പാക്കേജാണ് പരിഗണിക്കന്ന തെന്നും കിംവദന്തിയുണ്ട്.

ഒക്ടോബർ 6ന് ജയ്പൂരിൽ RBI സെന്ട്രൽ ബോർഡ് യോഗം ചേരുന്നുണ്ട്. അതുകഴിഞ്ഞ് അടുത്ത സെൻട്രൽ ബോർഡ് യോഗം ഡിസംബറിൽ കൊൽക്കത്തയിലാണ് കൂടുന്നത്. ഒരുപക്ഷേ അതിനുശേഷമേ എന്തെങ്കിലും പരസ്യമാകൂ എന്നുവരാം. 2003–ൽ നടത്തിയ അപഡേഷൻ സെൻട്രൽ ബോർഡ് കമ്മറ്റിയാണ് പരിഗണിച്ചത്.

സർക്കാരിന്റെ സമീപനത്തിൽ കാര്യമായ മാറ്റമുണ്ടായിട്ടുണ്ടെന്നും സെൻട്രൽ ഓഫീസ് വൃത്തങ്ങളിൽ ശുഭവിശ്വാസം ഉടലെടുത്തിട്ടുണ്ടെന്നുമാണ് പറഞ്ഞു കേൾക്കുന്നത്. നമുക്ക് കാത്തിരിക്കാം. "Hold fast to dreams, for if dreams die, life is a broken bird that cannot fly"- Langstone Hughes

**രാജസ്ഥാൻ ഹൈക്കോർട്ട് LIC യുടെ റിവ്യൂ പെറ്റീഷൻ തള്ളി**

ജയ്പൂർ ഡിവിഷൻ ബെഞ്ച് മുമ്പാകെ LIC ഫയൽചെയ്ത റിവ്യൂ പെറ്റീഷൻ ആഗസ്റ്റ് മധ്യത്തിൽ കോടതി തള്ളുകയുണ്ടായി. സമാന്തരമായി അവർ സുപ്രീം കോടതിയിലും SLPഫയൽ ചെയ്തെങ്കിലും ഡിവിഷൻ ബെഞ്ച് 3 മാസത്തിനകം റിവ്യൂ പെറ്റീഷനിൽ തീർപ്പ് ആക്കണമെന്ന് മാത്രം വിധി നൽകിയിരുന്നു. ഡിവിഷൻ ബെഞ്ച് റിവ്യൂ പെറ്റീഷൻ തള്ളിയ സാഹചര്യത്തിൽ LIC വീണ്ടും സുപ്രീം കോടതിയെ സമീപിക്കാൻ സാധ്യതയുണ്ട്.

**Pre 1.2.05 D.R. അസമത്വം**

15.07.2011 ന് അഡ്വ. M.P.M.അസ്‌ലാം ബാങ്കിനയച്ച വക്കീൽ നോട്ടീസിന് മറുപടി ലഭിച്ചിട്ടില്ല. നോട്ടീസ് നിരാകരിച്ചേക്കാമെന്നാണ് അനൗദ്യോഗികമായി ലഭിച്ച വാർത്ത. മറുപടി ലഭിച്ച ശേഷം തുടർനടപടികൾ അടുത്ത കമ്മറ്റി യോഗത്തിൽ ചർച്ച ചെയ്യപ്പെടും.

**കുടുംബ സംഗമം** : 29.6.11 ലെ പൊതുയോഗ ചർച്ചകളുടെ അടിസ്ഥാനത്തിൽ നവംബറിലോ ഡിസംബറിലോ ഒരു കുടുംബ സംഗമം സംഘടിപ്പിക്കുവാൻ 15.09.11 ന് കൂടിയ കമ്മറ്റി യോഗത്തിൽ തീരുമാനമായി. ഇതേപ്പറ്റിയുള്ള സെക്രട്ടറിയുടെ അറിയിപ്പ് ഈ ലക്കത്തിന്റെ കൂട്ടത്തിൽ അയക്കുന്നുണ്ട്.

**PFRDA Bill :**

കേന്ദ്ര സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പുതിയ പെൻഷൻ പദ്ധതി (NPS) ലക്ഷക്കണക്കിന് ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ നഷ്ടമാക്കുമെന്ന് ആരോപണമുണ്ട്. ഓഹരി വിപണിയിൽ വീഴ്ചയുണ്ടായാൽ ആദ്യം ബാധിക്കുക പെൻഷനെയാണ്. അമേരിക്കയിലടക്കം വലിയ പെൻഷൻ ഫണ്ടുകൾ തകർന്ന അനുഭവമുണ്ട്. പൊതുമേഖലയ്ക്ക് ഊന്നൽ നൽകിയതിനാലാണ് ഇന്ത്യയിൽ ഇതുവരെ സാമ്പത്തിക പ്രതിസന്ധിയുടെ കടുത്ത ആഘാതങ്ങളുണ്ടാകാതിരുന്നത്. NPS പ്രാവർത്തികമാക്കാനുള്ള PFRDA ബിൽ ഇപ്പോൾ

പാർലമെന്റിൽ അവതരിപ്പിച്ചിരിക്കകയാണ്. ഇതു പാസ്സാക്കുന്നതിനെതിരെ കേന്ദ്ര–സംസ്ഥാന ജീവനക്കാരുടെയും പൊതുമേഖലാ ജീവനക്കാരുടെയും സംഘടനകൾ ചേർന്ന് 16.09.11 ന് തിരുവനന്തപുരത്ത് രാജ്ഭവനിലേക്ക് നടത്തിയ മാർച്ചിൽ നൂറുകണക്കിന് ജീവനക്കാർ അണിനിരന്നു. RBI യിലും NPS നടപ്പാക്കാനുള്ള ആലോചനയുണ്ടെന്ന് RTI ആക്ട് പ്രകാരം ലഭിച്ച രേഖകളിൽ നിന്നും മനസ്സിലാകുന്നത്.

**<u>ചരമ വാർത്തകൾ</u>** : (1)തിരുവനന്തപുരത്തുനിന്നും വിരമിച്ച ശ്രീ കെ.പി.നന്ദകുമാരൻ (61) (മെംമ്പർ No.130), 13.09.11 ന് ഹരിപ്പാട് നിര്യാതനായി. RBREA കൊച്ചി പ്രസിഡന്റ് ശ്രീ. N.R.പിള്ള പരേതന്റെ വസതി സന്ദർശിച്ച് കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുകൊള്ളുകയും പുഷ്പചക്രം അർപ്പിക്കുകയുമുണ്ടായി. (2) RBI മുൻ ജീവനക്കാരിൽ ഏറ്റവും പ്രായംകൂടിയ വ്യക്തിയും പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ബാങ്ക് അധികൃതർ പൊന്നാടയണിയിച്ച് ആദരിക്കുകയും ചെയ്ത ശ്രീ. M.ഗോവിന്ദൻ നായർ (99) 9.8.11 ന് വാണിയങ്കുളത്ത് വാർദ്ധക്യ സഹജമായ രോഗങ്ങൾ മൂലം നിര്യാതനായ വിവരം വ്യസന സമേതം അറയിക്കുകയും പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

**<u>Medical Assistant Fund Scheme</u>**
**<u>(MAFS) - Renewal</u>**

Reserve Bank has since renewed the Group Mediclaim Policy with the United India Insurance Comany Ltd. for the retiree members of MAFS and their spouses to cover their hosptitalization expenditure for a period of one year from 15 August 2011 on the existing terms and conditions. The Bank has clarified that service tax charged by hospitals if any will be paid/ reimbursed by the TPA provided it is within the over-all monetary ceiling. In all cases, the members may invariably carry their MAF (photo) card along with the TPA identity card at the time of hospitalization. In case of prolonged hospitalization where the claim is on reimbursement basis the member should inform the TPA during the period of hospitalization. The Bank has also clarified that the retired members of MAFS for whom TPA has changed will be issued fresh TPA identity cards by the designated TPAs. MD India Healthcare Services (TPA) Pvt. Ltd. continues to be TPA for Kochi and Trivandrum. The name and contact No. are given below:- Sri. Shaju, (e-mail id: kochi@mdindia.com) contact No. 9746883160

**<u>Opening of Dispensary at Kochi Office</u>**

As reported in the July issue of Prathyasa, we had written to GM Kochi, and CGM, HRDD for continuing the existing arrangement for dispensary facilities at the Lisie Hospital, if not for all, atleast for pensioners. We understand that both the Employees' Association and Workers' Union are for continuing the present arrangement in the Lisie Hospital. However, a final decision in the matter is yet to be taken by Kochi office in consultation with Central Office.

**<u>DAPM and HRDD merge into HRMD</u>**

A new department viz. Human Resources Management Department has been created in Central Office after merging the above two departments. Shri Sandip Ghose is the CGM in-charge of the new department.

**On Life**

When you were born, you were crying,
And every one around you was smiling
Live your life so that when you die,
you are the one who is smiling.
And everyone around you is crying.

**<u>EDITED BY</u>**: M.O. Sebastian, Secretary, Ph: 0484 - 2541930, 9895178211
വിവരങ്ങൾക്ക് കടപ്പാട് : Shri.K.G.K.Pillai